# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1079** **08/02/2013 ൽ മറുപടിക്ക്**

## പിന്നോക്ക മേഖലകളിൽ എഫ്.എം. റേഡിയോയുടെ സഹായത്തോടെ വിദ്യാഭ്യാസ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. പി.സി.ജോർജ്:<br>ഡോ. എൻ.ജയരാജ്: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പിന്നോക്ക മേഖലകളിൽ എഫ്.എം. റേഡിയോയുടെ സഹായത്തോടെ സ്കൂൾ സിലബസുകൾ ആധാരമാക്കി വിദ്യാഭ്യാസ പരിപാടി പ്രക്ഷേപണം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | എ) സംസ്ഥാനത്തെ പിന്നോക്ക മേഖലകളിലുള്ള വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി എഫ്.എം. റേഡിയോയുടെ സഹായത്തോടെ 'വിദ്യാവാണി' എന്ന പേരിൽ 8,9,10 ക്ലാസുകളിലെ കണക്ക്, സയൻസ്, പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്. വയനാട്, പത്തനംതിട്ട, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കഴിഞ്ഞ ഒരു വർഷമായി പ്രാദേശിക എഫ്.എം റേഡിയോ നിലയങ്ങളുടെ സഹായത്തോടെ വിദ്യാവാണി പരിപാടി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്നു. |
| ബി) പ്രസ്തുത പ്രക്ഷേപണ പരിപാടി എത്രത്തോളം വിജയകരമായിരുന്നു; ആയത് ഇതര മേഖലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) വയനാട്ടിലെ ട്രൈബൽ വിദ്യാർത്ഥികൾക്കുവേണ്ടി 'മാറ്റൊലി' എഫ്.എം. റേഡിയോയും ചേർന്നാണ് എസ്.ഐ.ഇ.ടി വിദ്യാവാണി പ്രക്ഷേപണം ആരംഭിച്ചത്. തുടർന്ന് പത്തനംതിട്ട, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലേക്ക് ഇത് വ്യാപിപ്പിക്കുകയാണ് ചെയ്തത്. കോഴിക്കോട്, തൃശ്ശൂർ, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട എന്നീ കേന്ദ്രങ്ങളിലും വിദ്യാവാണി പ്രക്ഷേപണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വരും വർഷങ്ങളിൽ സംസ്ഥാനത്തെ ഇതര ജില്ലകളിൽ കൂടി ഇത് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | സി) | വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എസ്.ഐ.ഇ.ടി. രാജ്യത്തെ ആദ്യത്തെ ഓപ്പൺ ആന്റ് ഫ്രീ വെബ് പോർട്ടൽ വിദ്യാർത്ഥികൾക്കായി തുറന്നു കൊടുത്തു. 8 മുതൽ 12 വരെ ക്ലാസുകളിലേക്കും, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കും പഠനം പോർട്ടൽ അടിസ്ഥാനമാക്കുന്നതിനും ഇത് സഹായമാകും. കൂടാതെ വിദ്യാർത്ഥികളുടെ അഭിരുചി കണ്ടെത്തി ഉന്നത വിദ്യാഭ്യാസത്തിന് മാർഗ്ഗ നിർദ്ദേശം നൽകുന്ന ഓൺലൈൻ അഭിരുചി പരീക്ഷയും എസ്.ഐ.ഇ.ടി. നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ